പത്രക്കുറിപ്പ്
28/09/2020

# കോവിഡ് കാലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും; ഓൺലൈൻ കോഴ്സ് സംഘടിപ്പിച്ചു

തിരുവനന്തപുരം : കോവിഡ് 19 മഹാമാരിക്കാലത്ത് അനുവർത്തിക്കേണ്ടി വരുന്ന പുതിയ പ്രവർത്തന രീതികളെക്കുറിച്ചും സംഘടനാ സംവിധാനത്തെക്കുറിച്ചും അവബോധം പകരുന്നതി നായി കുടുംബശ്രീയും കിലയും (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) സംയുക്തമായി രൂപകൽപ്പന ചെയ്ത ഓൺലൈൻ കോഴ്സ് സംഘടിപ്പിച്ചു. കുടുംബശ്രീ സിഡിഎസ് (കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി- തദ്ദേശ സ്ഥാപനതലത്തിലെ അയൽക്കൂ ട്ടങ്ങളുടെ ഫെഡറേഷൻ) ചെയർപേഴ്സൺമാർ, അക്കൗണ്ടന്റുമാർ എന്നിവരുടെ കാര്യശേഷി വർദ്ധനവ് ലക്ഷ്യമിട്ടാണ് കോഴ്സ് സംഘടിപ്പിച്ചത്.. ഇന്ന് (28-09-2020) നടന്ന ചടങ്ങിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ ഐഎഎസ് ഓൺലൈൻ കോഴ്സി ന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചു.

തദ്ദേശഭരണ സ്ഥാപനവും കുടുംബശ്രീയും, കോവിഡ്കാല കുടുംബശ്രീ പ്രവർത്തനം- ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, കുടുംബശ്രീ ധനമാനേജ്മെന്റ്, സുഭിക്ഷ പദ്ധതിയും കുടുംബശ്രീയും, വില്ലേജ്തല ദാരിദ്ര്യ ലഘൂകരണ പദ്ധതി (വിഎൽപിആർപി) ഗ്രാമ പഞ്ചായത്ത് ഡെവലപ്പ്മന്റ് പ്ലാൻ (ജിപിഡിപി) എന്നിവയിൽ കുടുംബശ്രീയുടെ പങ്ക് എന്നീ വിഷയങ്ങളാണ് കോഴ്സിന്റെ ഉള്ളടക്കം. കുടുംബശ്രീ സിഡിഎസ് ചെയർപേഴ്സൺമാരും അക്കൗണ്ടന്റുമാരും ഉൾപ്പെടെ 1800 പേർ പങ്കെടുത്തു. തീർത്തും സൗജന്യമായി നടത്തുന്ന ഈ കോഴ്സ് യൂട്യൂബ്, ഫേസ്ബുക്ക്, സൂം എന്നീ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഉപയോഗിച്ച് തത്സമയമായാണ് നടത്തിയത്. കോഴ്സ് സംബന്ധമായ വിലയിരുത്തൽ ഫോറവും ടെസ്റ്റുകളും പൂർത്തിയാക്കുന്നവർക്ക് ഓൺലൈനായി സർട്ടിഫിക്കറ്റും നൽകും.

ഉദ്ഘാടന ചടങ്ങിൽ അധ്യക്ഷനായിരുന്ന കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ മുഖ്യ പ്രഭാഷണവും നടത്തി. ഡോ. വിനോദ്. എസ് സ്വാഗതം ആശംസിച്ചു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ